8001

# വാർഷിക മൂല്യനിർണയം - 2017

## ആരോഗ്യകായിക വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, പ്രവൃത്തിപഠനം

സ്റ്റാൻഡേർഡ്: VIII

സമയം : 2 മണിക്കൂർ
ആകെ സ്കോർ: 45

നിർദേശങ്ങൾ :

- ആരോഗ്യകായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ മൂന്നു വിഷയങ്ങളെ 3 വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- എഴുത്തുപരീക്ഷയ്ക്കുള്ള ആകെ സമയം രണ്ടു മണിക്കൂറും ഇതിൽ 15 മിനിറ്റ് സമാശ്വാസ സമയവും ആണ്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം ആകെ 45 സ്കോർ.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്/റോൾ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.

### ആരോഗ്യകായിക വിദ്യാഭ്യാസം

**ഒന്നു മുതൽ മൂന്നുവരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക. ഒരു സ്കോർ വീതം**

**(3 x 1 = 3)**

1. ഏത് കായിക ഇനത്തിലാണ് ലോക പ്രശസ്തനായ മൈക്കൽ ഫെൽപ്സ് ഏറ്റവും കൂടുതൽ സ്വർണ്ണമെഡലുകൾ കരസ്ഥമാക്കിയത്?

   a. ഹോക്കി b. നീന്തൽc. അത്‌ലറ്റിക്സ് d. ആർച്ചറി

2. SAI യുടെ പൂർണ്ണരൂപം എഴുതുക.?

   a. സോഫ്റ്റ് ബോൾ അസോസിയേഷൻ ഓഫ് ഇന്ത്യ b. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ

   c. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ d. സ്പോർട്സ് അസോസിയേഷൻ ഓഫ് ഇന്ത്യ

3. ആഷസ് ക്രിക്കറ്റ് പരമ്പര ഏതെല്ലാം രാജ്യങ്ങൾ തമ്മിൽ നടക്കുന്ന മത്സരമാണ്?.

   a. ഇന്ത്യ v/s വെസ്റ്റ് ഇൻഡീസ് b. സൗത്ത് ആഫ്രിക്ക v/s ന്യൂസിലാന്റ്

   c. പാക്കിസ്ഥാൻ v/s ബംഗ്ലാദേശ് d. ഇംഗ്ലണ്ട് v/s ഓസ്ട്രേലിയ

**4 മുതൽ 8 വരെ ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും രണ്ട് സ്കോർ.**

**(3 x 2 = 6)**

4. താഴെ നൽകിയിട്ടുള്ള കായികതാരങ്ങൾ ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചുവടെ നൽകിയിരിക്കുന്ന സൂചനകൾ പരിശോധിച്ച് പൂരിപ്പിക്കുക.

   1. പി.ആർ. ശ്രീജേഷ് ________________
   2. സഞ്ജു.വി.സാംസൺ ________________

   a. ക്രിക്കറ്റ് b.ഹോക്കി c.നീന്തൽ d.ഫുട്ബോൾ

5. ഒരാളുടെ അസ്ഥിക്ക് പൊട്ടൽ സംഭവിച്ചാൽ നൽകാവുന്ന പ്രഥമശുശ്രൂഷകളെന്തെല്ലാം?

6. സൂര്യാഘാതം ഏൽക്കാതിരിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതലുകൾ എഴുതുക?.


www.spandanamnews.blogspot.in

7. സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്ന ഇൻട്രാമ്യൂറൽ മത്സരത്തിൽ നിങ്ങൾ ഒഫീഷ്യൽ ആയി പ്രവർത്തിക്കുമ്പോൾ പാലിക്കേണ്ട ഏതാനും ഗുണവിശേഷങ്ങൾ എഴുതുക?.

8. ചുവടെ കൊടുത്തിരിക്കുന്ന കായിക പദ്ധതികളിൽ, 'സായി' യുടെ നിയന്ത്രണത്തിൽ വരുന്ന നാല് കായിക പദ്ധതികൾ ഏതൊക്കെയെന്ന് തിരഞ്ഞെടുത്ത് എഴുതുക?.

1. നാഷണൽ സ്പോർട്സ് ടാലന്റ് കണ്ടസ്റ്റ്
2. അസോസിയേഷനുകൾക്ക് ധനസഹായം
3. അക്കാദമികൾ
4. കോച്ചുകളുടെ സേവനം
5. ദേശീയ സ്പോർട്സ് മ്യൂസിയം
6. ഇന്റിജീനസ് ഗെയിംസ് & മാർഷൽ ആർട്സ്

**9 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 2 എണ്ണത്തിന് വിശദമായി ഉത്തരമെഴുതുക. ഓരോന്നിനും മൂന്ന് സ്കോർ.** **(2 x 3 = 6)**

9. ക്രിക്കറ്റ് മത്സരത്തിനിടയിൽ പുറത്തായപ്പോൾ അമ്പയറുടെ തീരുമാനത്തിന് കാത്തുനിൽക്കാതെ ക്രീസ് വിടുന്ന സച്ചിൻ ടെൻഡുൽക്കറുടെ ചിത്രമാണ് നിങ്ങൾ കാണുന്നത്. കളിക്കളത്തിലെ മാന്യമായ പെരുമാറ്റ രീതിയാണ് ഇത് വെളിപ്പെടുത്തുന്നത്. മത്സരങ്ങളിലും നിത്യജീവിതത്തിലും ഇത്തരം മാതൃകാപരമായ പെരുമാറ്റ രീതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുക?.



10. അപകടത്തിൽപ്പെട്ട് ബോധരഹിതനായ വ്യക്തിയുടെ ശ്വസനപ്രക്രിയ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന വിവിധ മാർഗങ്ങൾ വിശദീകരിക്കുക?

11. ഭുജംഗാസനത്തിലൂടെ നേടുന്ന ഗുണങ്ങൾ എന്തെല്ലാം?




www.spandanamnews.blogspot.in

## കലാ വിദ്യാഭ്യാസം

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക. ഒരു സ്കോർ വീതം.**

**(9 x 1 = 9)**

1. കർണാടക സംഗീതക്കച്ചേരികളിലെ പക്കവാദ്യമല്ലാത്ത ഉപകരണത്തിന്റെ പേരെന്ത്?

a) തംബുരു b) വയലിൻ c) മിഴാവ് d) മൃദംഗം

2. സംഗീത നൃത്താദികലകളിൽ പ്രാവീണ്യം നേടുകയും പരിപോഷിപ്പിക്കുകയും ചെയ്ത 'രാജാക്കൻമാരിൽ കലാകാരനും, കലാകാരന്മാരിൽ രാജാവുമായ' വ്യക്തി ആര്?

a) പുരന്ദരദാസർ b) ചെമ്പൈവൈദ്യനാഥഭാഗവതർ

c) ശ്രീ ത്യാഗരാജസ്വാമികൾ d) ശ്രീ സ്വാതിതിരുനാൾ

3. ചിന്തക്കും ചിരിക്കും പ്രേരകമായ ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ട് വരക്കുന്ന ചിത്ര രചനാ രീതി ഏത്?

a) നോവൽ b) നാടകം c) നൃത്തം d) കാർട്ടൂൺ

4. ശില്പനിർമാണത്തിനുപയോഗിക്കുന്ന ഒരു മാധ്യമത്തിന്റെ പേരെഴുതുക?.

a) മുദ്രകൾ b) ശ്രുതി c) തിരക്കഥ d) കല്ല്

5. കുഞ്ചൻ നമ്പ്യാർ ആവിഷ്കരിച്ച ആക്ഷേപഹാസ്യകലാരൂപമേത് ?

a) കഥകളി b) തുള്ളൽ c) പടയണി d) ഭരതനാട്യം

6. താഴെ പറയുന്നവയിൽ ശാസ്ത്രീയ നൃത്തരൂപം ഏത്?

a) തിരുവാതിരക്കളി b) ഒപ്പന c) കുച്ചിപ്പുടി d) മാർഗ്ഗം കളി

7. പാട്ടുകളും കവിതകളും ശാസ്ത്രീയമല്ലാത്ത ചുവടുകൾ നൽകി അവതരിപ്പിക്കുന്ന നൃത്തത്തിന് പറയുന്ന പേരെന്ത് ?

a) സംഗീത നൃത്തം b) ശാസ്ത്രീയ നൃത്തം c) സർഗാത്മക നൃത്തം d) നൃത്ത ശിൽപം

8. നാടകം അവതരിപ്പിക്കുമ്പോൾ രാജാവ് എന്ന കഥാപാത്രത്തെ സൂചിപ്പിക്കുന്നതിന് നിങ്ങൾ തെരഞ്ഞെടുക്കുന്ന അലങ്കാരമേത് ?

a) കിരീടം b) കുട c) ഊന്നുവടി d) വെഞ്ചാമരം

9. ദൃശ്യങ്ങൾക്ക് രചനയിൽ വലിയ പ്രാധാന്യം നൽകുന്ന കലാരൂപമേത്?

a) കഥകളി b) ചവിട്ടുനാടകം c) സിനിമ d) അറബനമുട്ട്

**10 മുതൽ 12 വരെ യുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം (3 x 2 = 6)**

10. അഭിനയ പ്രാധാന്യമുള്ള ഗാനരൂപങ്ങൾ ഏതെല്ലാം? (4 എണ്ണം)

11. 'പരിസര ശുചിത്വം മനുഷ്യന്റെ കടമ' എന്ന വിഷയത്തിൽ സ്വതന്ത്രചിത്രരചന നടത്താൻ അവസരം കിട്ടിയാൽ അതിൽ നിങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ആയിരിക്കുമെന്ന് എഴുതുക ?

12. നാടകമെഴുതുന്നയാൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതൊക്കെ?


www.spandanamnews.blogspot.in

## പ്രവൃത്തിപഠനം

**ഒന്നു മുതൽ മൂന്നു വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. ഒരു സ്കോർ വീതം** **(3 x 1= 3)**

1. ജലാംശം ധാരാളം അടങ്ങിയിരിക്കുന്ന ഒരു പഴവർഗ്ഗം ഏത്?

   (a) ആപ്പിൾ (b) ഏത്തപ്പഴം (c) തണ്ണിമത്തൻ (d) പേരയ്ക്ക

2. ചാർട്ട് പേപ്പർ കൊണ്ട് ഒരു ക്യൂബ് നിർമ്മിച്ചാൽ ക്യൂബിന് എത്ര മുഖങ്ങൾ ഉണ്ടാവും?

   (a) 4 (b) 6 (c) 8 (d) 10

3. പോട്ടിംഗ് മിശ്രിതത്തിൽ ഉൾപ്പെടാത്തത് എന്ത്?

   (a) മണൽ (b) ചകിരിചോറ് (c) ചാണകം (d) ഉപ്പ്

**നാലു മുതൽ എട്ടുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 x 2 = 8)**

4. ഒരു എംബ്രോയിഡറി വർക്ക് ചെയ്യുന്നതിന് ആവശ്യമുള്ള സാധനങ്ങളിൽ രണ്ടെണ്ണത്തിന്റെ പേരെഴുതുക.
5. ഒരു ഓഫീസ് ഫയൽ നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ഏവ?
6. ഏതെങ്കിലും രണ്ട് ശുചീകരണ വസ്തുക്കളുടെ പേരെഴുതുക ?
7. നമ്മുടെ പരിസരത്തുനിന്ന് ലഭ്യമാകുന്ന രണ്ട് ഇലക്കറികളുടെ പേരെഴുതുക ?
8. പരിസരശുചിത്വവുമായി ബന്ധപ്പെട്ട് പ്ലക്കാർഡ് തയ്യാറാക്കുന്നതിന് ആവശ്യമായ ഒരു മുദ്രാ ഗീതം എഴുതുക ?

**ഒമ്പത്, പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. നാല് സ്കോർ.**

**(1 x 4 = 4)**

9. ഒരു വേസ്റ്റ് ബാസ്ക്കറ്റ് നിർമിച്ചതിന്റെ വർക്ക് ഡയറി എഴുതുക ?
10. ഒരു പൊടിതട്ടി നിർമിച്ചതിന്റെ വർക്ക് ഡയറി തയ്യാറാക്കുക ?

www.spandanamnews.blogspot.in